Draft #4 of File 43307/AcA4/3/BHM-postponment of 6th sem course(2018 batch)/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 09-Feb-2021 10:13 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

BHM -2018 അഡ്മിഷൻ ബാച്ച്-ആറാം സെമസ്റ്ററിലെ ഇൻഡസ്ട്രിയൽ ട്രെയിനിങ് - ഏഴും എട്ടും സെമെസ്റ്ററുകൾക്ക ശേഷം നടത്തുവാനുള്ള BHM വിദഗ്ധ സമിതിയുടെ ശുപാർശകൾ-അംഗീകരിച്ച നടപടി-സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്ത് ഉത്തരവാകുന്നു

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 908/AC A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.02.2021

---

*പരാമർശം:*-(1)സ.ഉ.നം.5071/ ACA4/2020/എം.ജി.യു,തിയതി 01.11.2020
(2)30/01/2021 ലെ സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം നമ്പർ.07/21.01/43307/AcA4/3/2020

**ഉത്തരവ്**

BHM പ്രോഗ്രാമിന്റെ 2018 പ്രവേശനബാച്ചിലെ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്ററിലെ 2020 നവംബറിൽ ആരംഭിക്കേണ്ട ഇൻഡസ്ട്രിയൽ ട്രെയിനിങ് (BHM 31 -Industrial Exposure Training), കോവിഡ്-19 രോഗവ്യാപന പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഹോട്ടലുകളും മറ്റും സന്ദർശിച്ച യഥായോഗ്യം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ, കോഴ്സ് പീരീഡ് നീണ്ടുപോകാതിരിക്കാനായി ആറാം സെമസ്റ്ററിന് പകരം അതേകാലയളവിൽ ഏഴും തുടർന്ന് എട്ടും സെമസ്റ്ററുകൾ നടത്തുന്നതിനും ടി സെമെസ്റ്ററുകൾക്ക ശേഷം ആറാം സെമസ്റ്റർ നിശ്ചിത രീതിയിൽ പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയ അപേക്ഷ പ്രിൻസിപ്പൽ. SJIHMCT, പാലാ സർവ്വകലാശാലയിൽ സമർപ്പിച്ചിരുന്നു. ടി നിർദ്ദേശത്തിന്മേൽ BHM വിദഗ്ധ സമിതിയുടെ അഭിപ്രായം തേടുകയും, സമിതി ആയത് ശരി വയ്ക്കുകയും അതിൻപ്രകാരം ശുപാർശകൾ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശുപാർശകൾ പരിഗണിച്ച ബഹു.വൈസ് ചാൻസിലർ ആയതു 1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് , അധ്യായം III ,10 (17) വകുപ്പ് പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും അതിൻപ്രകാരം പരാമർശം (1) പ്രകാരമുള്ള സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

ബഹു.വൈസ് ചാൻസിലറുടെ ടി നടപടിയും ടി സർവ്വകലാശാലാ ഉത്തരവും പരാമർശം (2) പ്രകാരം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

വൈസ് ചാൻസിലറുടെ /പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
രജിസ്ട്രാർ /പരീക്ഷ കോൺട്രോളറുടെ പി .എ മാർ
എ.ആർ ,ഡി.ആർ .ജെ.ആർ (പരീക്ഷ/അക്കാഡമിക്)
ഇ ഐ XIV / ACC I/II /കണ്ടന്റ് മാനേജ്മന്റ് സെക്ഷനുകൾ
റെക്കോർഡ് സെക്ഷൻ/സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 43307/AcA4/3/BHM-postponment of 6th sem course(2018 batch)/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 09-Feb-2021 10:13 PM - Page 2